REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 15-07-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- എക്സിൽ പത്ത് കോടി ഫോളോവേഴ്സ് എന്ന നേട്ടം സ്വന്തമാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി.
- യുവ സമൂഹത്തിന്റെ കരുത്ത് സംസ്ഥാന വികസനത്തിന്റെ ചാലക ശക്തിയാകണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ.
- സംസ്ഥാനത്ത് ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യത. കാസർകോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ ചുവപ്പ് ജാഗ്രത. ഏഴ് ജില്ലകളിൽ ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.
- വിഴിഞ്ഞം തുറമുഖത്ത് ഇന്ന് രണ്ടാമത്തെ ചരക്കുകപ്പൽ എത്തും.
- തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ കാണാതായ ജോയിക്കായി നാവികസേന അല്പസമയത്തിനകം തെരച്ചിൽ ആരംഭിക്കും.
- യൂറോ കപ്പ് സ്പെയിനിന്.

## വാർത്തകൾ വിശദമായി

**പ്രധാനമന്ത്രി നരേന്ദ്രമോദി എക്സിൽ പത്ത് കോടി ഫോളോവേഴ്സ് എന്ന നേട്ടം സ്വന്തമാക്കി. കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പ്രധാനമന്ത്രിയെ എക്സിൽ പിന്തുടരുന്നവരുടെ എണ്ണത്തിൽ 30 മില്യണോളം വർധനയുണ്ടായി. എക്സിൽ ഏറ്റവുമധികം പേർ പിന്തുടരുന്ന ലോകനേതാവാണ് മോദി. അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനെ 38.1 മില്യൺ ആളുകളാണ് എക്സിൽ പിന്തുടരുന്നത്.**

ഊർജസ്വലമായ സമൂഹമാധ്യമ പ്ലാറ്റ്ഫോമിന്റെ ഭാഗമായതിൽ സന്തോഷമുണ്ടെന്നും ചർച്ച, സംവാദം, ഉൾക്കാഴ്ച, ജനങ്ങളുടെ അനുഗ്രഹം, ക്രിയാത്മക വിമർശനം തുടങ്ങിയവയ്ക്കെല്ലാം മികച്ച വേദിയാണിതെന്നും നരേന്ദ്രമോദി എക്സിൽ കുറിച്ചു.

✪✪✪

യുവ സമൂഹത്തിന്റെ കരുത്ത് സംസ്ഥാന വികസനത്തിന്റെ ചാലക ശക്തിയാകണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. ജന്മഭൂമി സുവർണ്ണജൂബിലി ആഘോഷത്തിന്റെ മുന്നോടിയായി കോഴിക്കോട്ടെ പൗരപ്രമുഖർ, വ്യവസായ പ്രമുഖർ എന്നിവർ പങ്കെടുത്ത കോഴിക്കോടിന്റെ വികസന സാദ്ധ്യതകൾ  സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ 65 ശതമാനം ജനസംഖ്യ 35 വയസ്സിൽ താഴെ പ്രായക്കാരാണ്. അവരുടെ ചിന്തകൾക്കും താൽപ്പര്യങ്ങൾക്കും മുൻഗണന നൽകുന്ന സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കപ്പെടണമെന്നും ജോർജ് കുര്യൻ അഭിപ്രായപ്പെട്ടു. പ്രാദേശിക വികസന സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്ന തരത്തിൽ ടൂറിസം വിഭാവനം ചെയ്യണമെന്നും, അടിസ്ഥാന സൗകര്യ വികസനത്തിന് മുൻഗണന നൽകുന്ന വികസന സമീപനമാണ് ആവശ്യമെന്നും  അദ്ദേഹം പറഞ്ഞു.

✪✪✪

ഡൽഹി IIT യും പ്രസാർഭാരതിയും സംയുക്തമായി സംഘടിപ്പിച്ച ഡി ഡി റോബോകോൺ മത്സരത്തിൽ നിർമ സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ടീമിന് ജയം. ഇവർ വിയറ്റ്നാമിൽ നടക്കുന്ന അന്താരാഷ്ട്ര ഏഷ്യ-പസഫിക് ബ്രോഡ്കാസ്റ്റിങ് യൂണിയൻ റോബോകോണിൽ രാജ്യത്തെ പ്രതിനിധാനം ചെയ്യും.

മത്സരത്തിൽ പൂനെയിലെ പിംപ്രി - ചിൻച്വാദ് എഞ്ചിനീയറിങ് കോളജ് രണ്ടും MIT വേൾഡ് പീസ് യൂണിവേഴ്സിറ്റി മൂന്നും സ്ഥാനങ്ങൾ നേടി.

45 കോളജുകളിൽനിന്നും സർവകലാശാലകളിൽനിന്നും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുമായി 750-ലേറെ വിദ്യാർഥികളാണ് രണ്ടുദിവസമായി   നടന്ന റോബോകോണിൽ പങ്കെടുത്തത്.

✪✪✪

ജൂലൈ ആദ്യപകുതിയിൽ രാജ്യത്ത് 24000 കോടിയോളം രൂപയുടെ വിദേശ നിക്ഷേപം.  ഓഹരിവിപണിയിലടക്കം ഈമാസം  12 വരെ 23,836 കോടി രൂപയുടെ നിക്ഷേപമാണ് നടന്നത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വടക്കൻ കേരളത്തിൽ മലയോരമേഖലയിലടക്കം രാത്രി ശക്തമായ മഴ ലഭിച്ചു. കനത്ത മഴ തുടരുകയാണ്.

ന്യൂസ് ഡെസ്കിൽനിന്ന് കൂടുതൽ വിവരങ്ങൾ.

(വോയ്സ്)

അതിതീവ്ര മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് കാസർകോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. തീവ്രമഴയ്ക്ക് സാധ്യത കണക്കിലെടുത്ത് വയനാട്, കോഴിക്കോട്, പാലക്കാട്, തൃശൂർ, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും നൽകി. ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

കനത്ത മഴയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഏഴ് ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാകളക്ടർമാർ ഇന്ന് അവധി പ്രഖ്യാപിച്ചു. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, വയനാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പ്രൊഫഷണൽ കോളേജ് ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയായിരിക്കും. കാസർകോട് ജില്ലയിൽ കോളജുകൾ ഒഴികെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി.

മാഹിയിലും ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂട്ടി നിശ്ചയിച്ച സർവകലാശാല - പൊതുപരീക്ഷകൾക്ക് മാറ്റമില്ല. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ വ്യാഴാഴ്ച വരെ മണിക്കൂറിൽ 45 കിലോമീറ്റർ വരെയും ചില സമയങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്. കർണാടക തീരത്തും മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪

കണ്ണൂർ ജില്ലയിൽ കനത്ത മഴയിൽ രണ്ട് വീടുകൾ തകർന്നു. പേരാവൂരിൽ മരം വീണ് പാമ്പാളി മാധവിയുടെ വീടും, മുഴപ്പിലങ്ങാട് സതിയുടെ വീടുമാണ് തകർന്നത്.

✪✪✪

കൊങ്കൺ - ഗോവ മേഖലകളിലും കർണാടകയിലെ തീരപ്രദേശങ്ങളിലും തെക്കൻ ഉൾമേഖലകളിലും മധ്യമഹാരാഷ്ട്ര, ഗുജറാത്ത് എന്നിവിടങ്ങളിലും വ്യാഴാഴ്ച വരെ അതിശക്തമഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് അറിയിച്ചു. തെലങ്കാന, മധ്യപ്രദേശ്, വിദർഭ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യതയുണ്ട്.

✪✪✪

കൊങ്കൺ പാതയിൽ രത്നഗിരി മേഖലയിൽ മണ്ണിടിഞ്ഞതിനെ തുടർന്ന് കേരളത്തിലേക്കു വരികയായിരുന്ന നാല് ട്രെയിനുകൾ വഴിതിരിച്ചു വിട്ടതായി റെയിൽവെ അറിയിച്ചു. വെള്ളിയാഴ്ച പുറപ്പെട്ട ഗാന്ധിധാം -നാഗർകോവിൽ, ശനിയാഴ്ച യാത്ര തിരിച്ച ഹസ്രത്ത് നിസാമുദ്ദീൻ- എറണാകുളം, ഇന്നലെ പുറപ്പെട്ട ലോകമാന്യ തിലക് - തിരുവനന്തപുരം, എക്സ്പ്രസ് ട്രെയിനുകൾ കല്യാൺ, പൂനെ, മഡ്-ഗാവ്, മംഗലൂരു ജംഗ്ഷൻ വഴിയാണ് തിരിച്ചു വിട്ടത്.

ഇന്നലെ പുറപ്പെട്ട പൂനെ- എറണാകുളം എക്സ്പ്രസ് ട്രെയിനും വഴി തിരിച്ചു വിട്ടതായി റെയിൽവെ അറിയിച്ചു.

✪✪✪

ട്രയൽ റൺ പുരോഗമിക്കുന്ന വിഴിഞ്ഞം തുറമുറഖത്ത് ഇന്ന് രണ്ടാമത്തെ ചരക്ക് കപ്പലെത്തും. മറീൻ അസർ എന്ന ഫീഡർ കപ്പലാണ് കൊളൊംബോയിൽ നിന്ന് വിഴിഞ്ഞത്ത് എത്തുന്നത്. ഈ കപ്പൽ തുറമുഖത്തിന്റെ പുറംകടലിൽ നങ്കൂരമിട്ടിട്ടുണ്ട്.

വിഴിഞ്ഞത്ത് ആദ്യമെത്തിയ സാൻ ഫർണാണ്ടോ ഇന്ന് രാവിലെ എട്ടുമണിയോടെ തിരിച്ചു പോകും. ഇതിനു ശേഷമായിരിക്കും ചരക്കു കപ്പലിനെ ബർത്തിലേക്ക് അടുപ്പിക്കുക.

സാൻ ഫെർണാണ്ടോയിൽ നിന്ന് തുറമുഖത്ത് ഇറക്കിയ 1,930 കണ്ടെയ്നറുകളിൽ 607 എണ്ണം തിരികെ കപ്പലിലേക്ക് കയറ്റി റീപൊസിഷൻ ചെയ്യുന്ന ജോലി പൂർത്തിയാക്കിയ ശേഷമാണ് കപ്പലിന്റെ മടക്കം.

✪✪✪

ഇന്ന് ലോക യുവജന നൈപുണ്യ ദിനം.

തൊഴിലവസരങ്ങൾ, മാന്യമായ തൊഴിൽ സാഹചര്യം, സംരംഭകത്വം എന്നീ രംഗങ്ങളിലേക്ക് യുവതയെ നൈപുണ്യത്തിലൂടെ സജ്ജരാക്കുക

എന്ന ലക്ഷ്യത്തോടെ 2014 മുതലാണ് ഐക്യരാഷ്ട്ര പൊതുസഭ ജൂലൈ 15 ലോക യുവജന നൈപുണ്യ ദിനമായി ആചരിക്കാൻ തുടങ്ങിയത്. യുവനൈപുണ്യം സമാധാനത്തിനും വികസനത്തിനും എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. ദിനാചരണത്തോടനുബന്ധിച്ച് രാജ്യത്തുടനീളം നൈപുണ്യവികസനവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ സംഘടിപ്പിക്കും.

✪✪✪

തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനിടെ കാണാതായ N ജോയിക്കായി മൂന്നാം ദിവസമായ ഇന്നും തെരച്ചിൽ അല്പസയമത്തിനകം ആരംഭിക്കും. നാവികസേനയുടെ മുങ്ങൽ വിദഗ്ധരുടെ നേതൃത്വത്തിലാണ് അല്പം മുമ്പ് തെരച്ചിൽ ആരംഭിച്ചത്. സോണാർ ഉപയോഗിച്ച് ടണലിനുള്ളിലെ ദൃശ്യം ശേഖരിച്ച ശേഷമാണ് പരിശോധന. സ്കൂബ ഡൈവിംഗ് ടീമും, നേവി സംഘത്തിനൊപ്പം തെരച്ചിലിൽ പങ്കെടുക്കുന്നുണ്ട്.

ഇന്നലെ റെയിൽവെ ട്രാക്കിന് അടിയിലൂടെ കടന്നുപോകുന്ന ടണലിൽ സ്കൂബ സംഘം മുങ്ങി പരിശോധന നടത്തിയിരുന്നു. ശനിയാഴ്ച രാവിലെ 11 നാണ് മാരായമുട്ടം സ്വദേശി ജോയിയെ ഒഴുക്കിൽപ്പെട്ട് കാണാതായത്.

✪✪✪

ആമയിഴഞ്ചാൻ തോട്ടിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷ ഉറപ്പ് വരുത്തണമെന്ന് ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു.

രക്ഷാപ്രവർത്തകരെ അഭിനന്ദിക്കുന്നതായും ഇവർക്ക് ആവശ്യമായ എല്ലാ സുരക്ഷയും നൽകണമെന്നും ഫയർഫോഴ്സ് മേധാവി കെ.പത്മകുമാറിനയച്ച കത്തിൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ആവശ്യപ്പെട്ടു.

✪✪✪

ഇന്നലെ അന്തരിച്ച പ്രശസ്ത ചലച്ചിത്ര നിർമ്മാതാവും സംവിധായകനുമായ അരോമ മണിയുടെ സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 1.30 ന് അരുവിക്കരയിലെ വീട്ടുവളപ്പിൽ നടത്തും. രാവിലെ പത്തു മുതൽ 11.30 വരെ മൃതദേഹം തൈക്കാട് ഭാരത് ഭവനിൽ പൊതുദർശനത്തിന് വെക്കും. തിരുവനന്തപുരത്ത് കുന്നുകുഴിയിലെ വസതിയിലായിരുന്നു 65 വയസ്സുകാരനായ അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവും കപ്പലും കാണാനായി പാറയിൽ കയറി നിൽക്കുന്നതിനിടെ തിരയടിച്ച് കടലിൽ വീണ യുവാവിനെ കാണാതായി. ഇന്നലെ സന്ധ്യയോടെയുണ്ടായ അപകടത്തിൽ പുളിങ്കുടി ആഴിമല അജീഷിനെയാണ് കാണാതായത്.**

**കോസ്റ്റൽ പൊലീസും, മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും ബോട്ടുകളിൽ രാത്രി വൈകിയും തിരച്ചിൽ നടത്തി.**

✪✪✪

**യൂറോ കപ്പ് കിരീടം സ്പെയിനിന്. ബെർലിനിൽ നടന്ന കലാശപ്പോരാട്ടത്തിൽ ഇംഗ്ലണ്ടിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് സ്പെയിൻ നാലാം തവണ യൂറോകപ്പിൽ മുത്തമിട്ടത്.**

**ഡെസ്ക് റിപ്പോർട്ട്.**

**...........(വോയ്സ്).......**

**രണ്ടാം പകുതിയിൽ രണ്ട് മിനിറ്റിനുള്ളിൽ നിക്കോ വില്യംസാണ് സ്പെയിനിനായി ആദ്യ ഗോൾ നേടിയത്. 17-കാരൻ ലാമിൻ യമാലിന്റെ അസിസ്റ്റിൽ നിന്നാണ് ഗോൾ പിറന്നത്. 73-ാം മിനിറ്റിൽ ഇംഗ്ലണ്ടിന്റെ കോൾ പാൽമർ സമനില ഗോൾ നേടി. 86-ാം മിനിറ്റിൽ മൈക്കൽ ഒയാർ സബലിന്റെ ഗോളിൽ സ്പെയിൻ കിരീടം ഉറപ്പാക്കി.**

**മൂന്നുതവണ യൂറോകപ്പ് നേടിയ ജർമനിയുടെ റെക്കോഡ് മറികടന്ന് നാല് യൂറോ കിരീടങ്ങൾ നേടുന്ന ആദ്യ ടീമായി സ്പെയിൻ മാറി. 1964, 2008, 2012 വർഷങ്ങളിലാണ് സ്പെയിൻ ചാമ്പ്യന്മാരായത്.**

**യൂറോകപ്പിലെ ഏറ്റവും മികച്ച യുവകളിക്കാരനായി സ്പെയിനിന്റെ മുന്നേറ്റ താരം ലാമിൻ യമാലിനെ തിരഞ്ഞെടുത്തു. ടൂർണമെന്റിൽ നാല് അസിസ്റ്റും, ഒരു ഗോളുമാണ് യമാൽ സ്വന്തം പേരിൽ ചേർത്തത്. കഴിഞ്ഞ ദിവസമാണ് യമാലിന് 17 വയസ് പൂർത്തിയായത്. ഇതോടെ യൂറോകപ്പ് ഫൈനൽ കളിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ താരമായി**

ലാമിൻ യമാൽ മാറി. 1958 ലെ ലോകകപ്പ് കളിച്ച പെലെയുടെ റെക്കോർഡാണ് യമാൽ മറികടന്നത്.

✪✪✪

അർജന്റീന - കൊളംബിയ കോപ്പ അമേരിക്ക ഫൈനൽ അല്പസമയം മുൻപ് ആരംഭിച്ചു. സ്റ്റേഡിയത്തിന് പുറത്ത് ആളുകൾ സംഘർഷമുണ്ടാക്കിയതിനെത്തുടർന്നാണ് പുലർച്ചെ 5.30 ന് ആരംഭിക്കേണ്ടിയിരുന്ന ഫൈനൽ മൽസരം ഒരു മണിക്കൂറിലധികം വൈകിയത്. സംഘർഷത്തിൽ 20 ലേറെ പേർക്ക് പരിക്കേറ്റതായും റിപ്പോർട്ടുണ്ട്.

✪✪✪

വിംബിൾഡൺ ടെന്നീസ് പുരുഷ സിംഗിൾസിൽ സ്പെയിനിന്റെ കാർലോസ് അൽകാരസിന് കിരീടം. ലണ്ടനിലെ സെന്റർകോർട്ടിൽ സെർബിയയുടെ നൊവാക് ജോക്കോവിച്ചിനെ പരാജയപ്പെടുത്തിയാണ് കാർലോസ് അൽകാരസിന്റെ ജയം. സ്കോർ 6-2, 6-2, 7-6.

മിക്സഡ് ഡബിൾസ് ഫൈനലിൽ, പോളിഷ്-തായിവാൻ ജോഡികളായ ജാൻ സീലിൻസ്കി-ഹ്സിഹ് സു-വെയ് സഖ്യം സീസണിലെ തങ്ങളുടെ രണ്ടാം ഗ്രാൻഡ് സ്ലാം കിരീടം സ്വന്തമാക്കി. മെക്സിക്കൻ ജോഡികളായ ജിയുലിയാന ഓൾമോസ്-സാന്റിയാഗോ ഗോൺസാലസ് സഖ്യത്തെയാണ് അവർ പരാജയപ്പെടുത്തിയത്.

✪✪✪

സിംബാബ്‌വെയ്ക്ക് എതിരായ ട്വന്റി-20 പരമ്പര ഇന്ത്യ സ്വന്തമാക്കി. അഞ്ച് മൽസരങ്ങളടങ്ങിയ പരമ്പരയിൽ നാലിലും വിജയിച്ചാണ് ഇന്ത്യയുടെ നേട്ടം. ഹരാരെയിൽ നടന്ന അവസാന മൽസരത്തിൽ 42 റൺസിനാണ് ഇന്ത്യയുടെ ജയം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 6 വിക്കറ്റ് നഷ്ടത്തിൽ 167 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ സിംബാബ്‌വെ 18.3 ഓവറിൽ 125 റൺസിന് പുറത്തായി .

✪✪✪

കോഴിക്കോട്- കണ്ണൂർ റൂട്ടിൽ ഇന്ന് സ്വകാര്യ ബസ് തൊഴിലാളി സമരം. റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് സമരം.

✪✪✪